LIBRARY ARCHIVES Kerala Legislative Assembly

പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതി

18 (*498) ശ്രീ. കെ. കെ. ജയചന്ദ്രൻ :

ശ്രീ. രാജു എബ്രഹാം :

ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്തെന്ന് വ്യക്തമാക്കുമോ ;

(ബി) പദ്ധതിയുടെ പണി എന്നാണ് ആരംഭിച്ചത് ; എന്നത്തേക്ക് പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത് ;

(സി) പദ്ധതിയിൽ നിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരുന്നതെന്ന് വ്യക്തമാക്കുമോ ?

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്) :

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ 74 ശതമാനത്തോളം പണികൾ പൂർത്തിയാക്കിയിട്ടുണ്ട്. പദ്ധതിയുടെ ഇൻടേക്ക് ഭാഗത്ത് മണ്ണിടിച്ചിൽ പോലുള്ള പ്രശ്നങ്ങൾ കാരണം ഇൻടേക്കിനും ഫേസ് 2-നും ഇടയിലുള്ള ഏകദേശം 570 മീറ്ററോളം ടണൽ നിർമ്മാണം തടസ്സപ്പെട്ടിരിക്കുകയാണ്. പദ്ധതിയിലെ മറ്റ് വർക്ക് ഫ്രണ്ടുകളിൽ കോൺട്രാക്ടറുടെ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം വേണ്ടത്ര പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടില്ല.

(ബി) ഈ പദ്ധതിയുടെ നിർമ്മാണം 2-3-2007-ൽ ആരംഭിച്ചു. കരാർ പ്രകാരം 1-3-2011-ൽ പൂർത്തീകരിക്കാനാണ് നിശ്ചയിച്ചിരുന്നത്.

(സി) 60 മെഗാവാട്ട് വൈദ്യുതിയാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതി

19 (*499) ശ്രീ. എം. ഹംസ :

ശ്രീ. എളമരം കരീം :

ശ്രീ. പി. ശ്രീരാമകൃഷ്ണൻ :

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാറിമാറിവരുന്ന സർക്കാരുകളുടെ നയവും നിലപാടുകളും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ പ്രതിഫലിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ പുരോഗതിയിലെത്തിക്കുന്നതിന് മുൻ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും ഈ സർക്കാരിന്റെ കാലത്ത് നടത്തിയ പ്രവർത്തനങ്ങളും തമ്മിൽ താരതമ്യം നടത്തിയിട്ടുണ്ടോ ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പൊതുമേഖലാ സ്ഥാപനത്തെ കുറിച്ചുള്ള ഓഡിറ്റ് റിപ്പോർട്ടും ഈ സർക്കാരിന്റെ കാലയളവിലെ ഓഡിറ്റ് റിപ്പോർട്ടും വിലയിരുത്തിയിട്ടുണ്ടോ ; വിശകലനം ചെയ്ത വിശദമാക്കാമോ ?

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി (ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി) :

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതി ലക്ഷ്യമിട്ടുള്ള നയവും നിലപാടുകളുമാണ് കാലാകാലങ്ങളിൽ മാറിവന്ന സർക്കാരുകൾ സ്വീകരിച്ചിട്ടുള്ളത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനാവശ്യമായ സ്ഥായിയായ നയസമീപനങ്ങളാണ് അവയുടെ സംരക്ഷണത്തിനും വികസനത്തിനും ഉത്തമമായിട്ടുള്ളത്. എന്നാൽ നയങ്ങളിലും നിലപാടുകളിലും വരുത്തുന്ന കാതലായ വ്യതിയാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ സാധീനിക്കാറുണ്ട്.

ആഗോള തലത്തിലുണ്ടായിട്ടുള്ള വ്യവസായ മാന്ദ്യവും, വ്യാവസായിക മേഖലയിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്ക് അനുസരിച്ച് ഉൽപ്പാദന പ്രക്രിയയും ഉൽപ്പന്നങ്ങളുടെ വൈവിധ്യവത്കരണവും നടപ്പിലാക്കുന്നതിലുണ്ടായ കാലതാമസവും വിപണിയിൽ നിന്നും നേരിടുന്ന കടുത്ത മത്സരവും പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിക്കാറുണ്ട്.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കായി മുൻ സർക്കാർ സ്വീകരിച്ച നടപടികളുടെ തുടർച്ചയായുള്ള നയസമീപനമാണ് ഈ സർക്കാരും സ്വീകരിച്ചു വരുന്നത്. പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന പുരോഗതിയിൽ അനുകൂലവും പ്രതികൂലവുമായ സാഹചര്യങ്ങൾമൂലം എറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്. കാര്യക്ഷമമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനും വിധത്തിൽ സ്ഥാപനങ്ങളെ മത്സരക്ഷമതയുള്ളവ ആക്കുന്നതിന് കൂടുതൽ ധനസഹായം ഉൾപ്പെടെയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്.

മുൻ നിശ്ചയിച്ച പ്രവർത്തന ബഡ്ജറ്റിനെ അടിസ്ഥാനമാക്കി പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ സമയബന്ധിതമായി നൽകിവരുന്നു. ലാഭ നഷ്ട കണക്കുകൾക്ക് കൃത്യത വരുത്തുന്നതിനു വേണ്ടി വാർഷിക ആഡിറ്റുകൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി നടപ്പിലാക്കേണ്ട ദീർഘ/ഹ്രസ്വകാല പദ്ധതികൾക്ക് സാമ്പത്തിക സഹായമായി കഴിഞ്ഞ നാല് വർഷത്തിനുള്ളിൽ 718.50 കോടി രൂപ നൽകിയിട്ടുണ്ട്. എന്നിരുന്നാലും വിപണിയിലെ വ്യതിയാനം പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനത്തെ കാര്യമായി ബാധിക്കാറുണ്ട്. ആഗോളതലത്തിൽ ടെക്സ്റ്റൈൽ മേഖലയിലുണ്ടായ തകർച്ച മൂലമാണ് ഈ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ പ്രതീക്ഷിച്ച പ്രവർത്തന മികവ് ഉണ്ടാക്കാതിരുന്നത്.

(സി) ഉണ്ട്. കംപ്ട്രോളർ ആന്റ് ആഡിറ്റർ ജനറലിന്റെ എല്ലാ സാമ്പത്തിക വർഷത്തെയും ആഡിറ്റ് റിപ്പോർട്ടും വിശദമായി വിശകലനം നടത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഈ സർക്കാരിന്റെ കാലത്തും വ്യവസായ വകുപ്പിന് കീഴിലുള്ള വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെക്കുറിച്ച് പെർഫോർമൻസ് ആഡിറ്റിന്റെ ഭാഗമായും ഇടപാടുകളെക്കുറിച്ച് കമ്പ്ലയൻസ് ആഡിറ്റിന്റെ ഭാഗമായും വിശദമായ വിലയിരുത്തലും പരാമർശങ്ങളും ആഡിറ്റ് റിപ്പോർട്ടുകളിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇത്തരത്തിൽ ആഡിറ്റ് റിപ്പോർട്ടിലുള്ള പരാമർശങ്ങളെക്കുറിച്ച് വിലയിരുത്തി ആവശ്യമായ തുടർനടപടികൾ സ്വീകരിക്കാറുണ്ട്.

പദ്ധതി ചെലവുകൾക്കുള്ള തുകയുടെ അപര്യാപ്തത

20 (*500) ഡോ. ടി. എം. തോമസ് ഐസക് :
ശ്രീ. എ. പ്രദീപ്കുമാർ :
ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെലവും വരുമാനവും തമ്മിലുള്ള വൻഅന്തരം പദ്ധതി പ്രവൃത്തികൾ പ്രാബല്യത്തിലാക്കുന്നതിന് പ്രതിസന്ധി സൃഷ്ടിക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(ബി) പദ്ധതി ചെലവുകൾക്കായി നീക്കിവച്ച തുക കണ്ടെത്താൻ സാധിക്കാത്തതിന്റെ ഫലമായി കഴിഞ്ഞ നാലുവർഷം പ്രഖ്യാപിത പദ്ധതികൾ എത്ര ശതമാനംവരെ വെട്ടിച്ചുരുക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാൻ സാധിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly